പത്രസമ്മേളനം നടത്തി പറഞ്ഞു. കുപ്രസിദ്ധനായ ഈ ഡിവൈ.എസ്.പി.യുടെ പേരിൽ നിരവധി കേസുകളുണ്ട്. അതുകൊണ്ട് അയാളെ ഇതിൽ നിന്നും ഒഴിവാക്കുകയാണ് എന്ന്. ഇതിൽ സാർവ്വത്രികമായി കുഴപ്പമാണ്. അങ്ങ് ആഭ്യന്തര വകുപ്പമന്ത്രിയല്ലേ; On the spot-ൽ സസ്പെന്റ് ചെയ്യാം. ഒരു കുഴപ്പവുമില്ല. പിന്നീട് റീ-ഇൻസ്റ്റേറ്റ് ചെയ്യാം. അങ്ങ് എന്താണ്ണ് അത് ചെയ്യാത്തത്. സസ്പെന്റ് ചെയ്യാൻ എന്താണ് തടസ്സം?

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ശ്രീ. സി. ദിവാകരന്റെ ഉൾപ്പെടെ മൂന്ന് എം.എൽ.എ.മാരുടെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട സംഭവമാണ്. അട്ടൂർ, കരുനാഗപ്പള്ളി, കുന്നത്തൂർ. ശ്രീ. കോവൂർ കുഞ്ഞുമോനും ഇക്കാര്യം സംസാരിച്ചിരുന്നു. ഐ.ജി.യുടെ റിപ്പോർട്ടിനായി വെയ്റ്റ് ചെയ്യുകയാണ്. റിപ്പോർട്ട് കിട്ടിയതിനുശേഷം എന്തെങ്കിലും നടപടി ആവശ്യമുണ്ടെങ്കിൽ തീർച്ചയായും എടുക്കും. ഒരു സംശയവും വേണ്ട. പ്രാഥമികമായി ആ ഉദ്യോഗസ്ഥനെ ട്രാൻസ്ഫർ ചെയ്യുവെന്നുമാത്രമേയുള്ളൂ.

(20) പലകപ്പാണ്ടി മിനി ഡൈവേർഷൻ സ്കീം

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> സർ, 2005-ൽ പണി ആരംഭിച്ച് 2008-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചതാണ് എന്റെ മണ്ഡലത്തിലെ പലകപ്പാണ്ടി പദ്ധതി. നിരവധി തടസ്സങ്ങൾ പൂർത്തീകരിച്ച് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ പോകുകയാണ്. ജനുവരി അവസാനമോ അല്ലെങ്കിൽ ഫെബ്രുവരി ആദ്യമോ ഡേറ്റ് നിശ്ചയിച്ച് ബഹുമാന്യനായ മുഖ്യമന്ത്രിയെ ഉൾപ്പെടെ പങ്കെടുപ്പിച്ച് ഈ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം എന്നതാണ് എന്റെ ആവശ്യം.

ജലവിഭവ വകുപ്പമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): സർ, ബഹുമാന്യനായ മെമ്പർ ഇതു സംബന്ധിച്ച് പറഞ്ഞുകഴിഞ്ഞു. ഈ പദ്ധതി നാല് റീച്ചുകളിലായാണ് ചെയ്യാനുദ്ദേശിച്ചത്. മൂന്ന് റീച്ചിന്റെ പണി പൂർത്തിയായി. നാലാമത്തെ റീച്ച് കരാറുകാരൻ ഉപേക്ഷിച്ചിട്ടുപോയി. നഷ്ടോത്തരവാദത്തിൽ പ്രവൃത്തി അവസാനിപ്പിക്കേണ്ടി വന്നു. ബാക്കിയുള്ള പ്രവൃത്തി 14-12-2012-ന് പുതിയ കരാറുകാരന് നൽകി ആ പണിയും ഏകദേശം എഴുപത് ശതമാനം പൂർത്തിയായിട്ടുണ്ട്. എന്നാൽ മണ്ണിടിച്ചിൽ തടയുന്നതിനുള്ള പണി നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. ഫെബ്രുവരി മാസത്തിൽ അത് ഉദ്ഘാടനം ചെയ്യും.

(21) ക്ഷേമപെൻഷൻ കുടിശ്ശിക

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, കേരളത്തിലെ കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചത്. എന്നാൽ ഇന്ന് അത് കർഷകത്തൊഴിലാളിക്ക് ഒരു ശാപമായി മാറിക്കൊണ്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly